## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ തുക 35,640/-(മുപ്പത്തിഅഞ്ചായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപ, 2010-11 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.4, 3.11 എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ തുകകൾ യഥാക്രമം 3,55,034/- (മൂന്ന് ലക്ഷത്തി അൻപത്തിഅഞ്ചായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപ, 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപ എന്നിവയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.2839/2017/തസ്വഭവ. തിരുവനന്തപുരം, തീയതി. 19.08.2017

പരാമർശം:-
1) മുളങ്കുന്നത്ത്കാവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 19.05.2015 തീയതിയിലെ എ 1/5831/2013 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 23.12.2015 ലെ എം3/37332/15 നമ്പർ കത്ത്.
3) 28.12.2013 ലെ മുളങ്കുന്നത്ത്കാവ് പഞ്ചായത്ത് കമ്മിറ്റിയുടെ 126(13)/13,126(14)/13, 126(15)/13 നമ്പർ തീരുമാനങ്ങൾ.
4) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 31.08.2016 ലെ കെ.എസ്സ്.എ.2822/പി.റ്റി.2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2009-10 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം 35,640/-(മുപ്പത്തിഅഞ്ചായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപയും 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4, 3.11 എന്നിവ പ്രകാരം യഥാക്രമം 3,55,034/- (മൂന്ന് ലക്ഷത്തി അൻപത്തിഅഞ്ചായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപയും 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയും തടസ്സപ്പെടുത്തിയിരുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കളിസ്ഥലങ്ങൾ നിർമ്മിക്കുക, സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക എന്നിങ്ങനെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ രണ്ട് നിബന്ധനകൾക്ക് വിരുദ്ധമായി ഫുട്ബോൾ ടീം സജ്ജമാക്കുന്നതിന് തുക ചെലവഴിച്ചതിനാൽ അപ്രകാരം ചെലവാക്കിയ 35,640/-(മുപ്പത്തിഅഞ്ചായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപ, പഞ്ചായത്തിന്റെ തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ലായെന്ന ഉത്തരവിന് വിരുദ്ധമായി തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനുമായി ചെലവഴിച്ച തുകയായ 3,55,034/- (മൂന്ന് ലക്ഷത്തി അൻപത്തിഅഞ്ചായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപ, സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ആശ്രയഗുണഭോക്താക്കളുടെ കുട്ടികൾക്ക് മേശ, കസേര, കാൽക്കുലേറ്റർ എന്നിവ വാങ്ങി

നൽകിയതിന് ചെലവായ 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപ എന്നിങ്ങനെയായിരുന്നു ചെലവുകൾക്ക് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തൽ നടത്തിയിരുന്നത്. ഈ മൂന്ന് തടസ്സപ്പെടുത്തലും സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ എന്നിവർ പരാമർശം 1, 2 പ്രകാരം അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് ടി അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി.

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറേറ്റിൽ നിന്നും പരാമർശം 4 പ്രകാരം ലഭിച്ച റിപ്പോർട്ടിൽ, ഫുട്ബോൾ ടീം രൂപീകരണത്തിനായി തുക അനുവദിച്ചത് ചട്ടലംഘനമാണ് എങ്കിലും ആയത് പഞ്ചായത്ത് പ്രദേശത്തെ യുവാക്കളുടെ ഉന്നമനത്തിനും കായികവികസനത്തിനും ഗുണകരമാകുന്നതും പരാമർശം 3 പ്രകാരമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 28.12.2013-ലെ 126(3)/13 നമ്പർ തീരുമാനം ടി നടപടിയെ അംഗീകരിക്കുന്നതായും കാണുന്നതിനാൽ 2009-10 വർഷത്തെ ഖണ്ഡിക 3.6 പ്രകാരമുള്ള ചെലവിന് സാധൂകരണം നൽകുന്ന കാര്യത്തിൽ സർക്കാരിന് അനുകൂലതീരുമാനം കൈക്കൊള്ളാവുന്നതായി അഭിപ്രായപ്പെട്ടിരിക്കുന്നു.

കൂടാതെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസ്, കിണർ നിർമ്മാണം എന്നിവയ്ക്കായി ചെലവായ 3,55,034/- (മൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപയുടെ ചെലവ് സാധൂകരിക്കുന്ന കാര്യത്തിൽ, പൊതുജനങ്ങൾക്കുള്ള സേവനം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെ ചെയ്ത ചെലവാണെന്ന 28.12.2013 ലെ 126(14)/13 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം (പരാമർശം 3), പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 3/29.09.2015 നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

അതോടൊപ്പം 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന ആശ്രയ ഗുണഭോക്താക്കളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ചെലവഴിച്ച 30,000/-രൂപയുടെ ചെലവ് സമൂഹത്തിലെ ഏറ്റവും ദരിദ്രരും നിരാശ്രയരുമായവരുടെ ഉന്നമനത്തിനായി മാത്രം നടപ്പാക്കിയ പദ്ധതിയാണെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 28.12.2013 ലെ 126(15)/13 (പരാമർശം 3) നമ്പർ പ്രകാരമുള്ള തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 4/29.09.2015 നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ സൂചന 4 പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശയുടെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്ത് കാവ് ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 35,640/- (മുപ്പത്തിഅഞ്ചായിരത്തി അറുന്നൂറ്റി നാൽപത് രൂപ മാത്രം) രൂപ, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4, 3.11 പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയ 3,55,034/- (മൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരത്തി മുപ്പത്തിനാല് രൂപ മാത്രം) രൂപ, 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപ എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, മുളങ്കുന്നത്ത് കാവ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ**